പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2638 — 27.01.2014- ലെ മറുപടിക്ക്

## ആരോഗ്യ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി<br>" എ. കെ. ശശീന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യ വകുപ്പിൽ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആശുപത്രികളുടെ പ്രവർത്തനത്തിന് ആവശ്യമായ രീതിയിൽ നിർമ്മാണം നടക്കാത്തതു കാരണം പല കെട്ടിടങ്ങളും ഉപയോഗ ശൂന്യമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ആശുപത്രി നിർമ്മാണത്തിലെ അപാകത പരിഹരിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പിന് സ്വന്തമായി എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) | ആരോഗ്യ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ തസ്തിക ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എൻജിനീയർ ലെയ്സൺ ഓഫീസർ എന്ന തസ്തികയിൽ നിലവിലുണ്ട്. കൂടാതെ എൻ. ആർ. എച്ച്. എം- ൽ നിലവിലുള്ള എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനവും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നുണ്ട്. വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ